# ഒത്തിമെ

VOLUME 08, APRIL 2019 Published by:NRLM Kudumbasrhree Mission, Attapadi, Palakkad-678581

# വനേതര വിഭവങ്ങളുടെ മികവിന് ദേശീയ സരസ് മേളയിൽ അംഗീകാരം

കുടുംബശ്രീ മിഷൻ സംഘടിപ്പിച്ച ദേശീയ സരസ് മേളയിൽ അട്ടപ്പാടിയിൽ നിന്നുള്ള വനേതര വിഭവങ്ങളുടെ സ്റ്റാളിന് ദേശീയ അംഗീകാരം ലഭിച്ചു.ഇന്ത്യയിലെമ്പാടുമുള്ള കുടുംബശ്രീ പ്രവർത്തകരെ കോർത്തിണക്കി സംഘടിപ്പിച്ച പ്രദർശന വിപണന മേളയിലാണ് വനേതര വിഭവങ്ങളുടെ മികച്ച സ്റ്റാളിനുള്ള ദേശീയ പുരസ്കാരം ലഭിച്ചത്.മാർച്ച് 23 മുതൽ ഏപ്രൽ 7 വരെ കുന്നംകുളത്ത് വെച്ചാണ് ദേശീയ സരസ് മേള നടന്നത്.മഹിളാ കിസാൻ സശാക്തീകരണ പരിയോജനയുടെ നേതൃത്വത്തിൽ

വനേതര വിഭവങ്ങളുടെ സ്റ്റാൾ സജ്ജീകരിച്ച് പ്രദർശനവും,വിപണനവും നടത്തിയത്.പശ്ചിമഘട്ട മലനിരകളിലെ മഴകാടുകളിൽ നിന്നുള്ള തനത് പാരമ്പ്യര വനേതര ഉൽപ്പന്നങ്ങൾ 'ഹിൽ വാല്യൂ'എന്ന
ബ്രാൻഡ് നെയിലാണ് വിപണനം നടത്തിയത്.റാഗി,ചാമ,തിന,വരക്,തേൻ,കടംപുളി തുടങ്ങിയ 28 ഓളം ഉൽപ്പന്നങ്ങൾ മേളയിൽ ലഭ്യമാക്കി.സ്റ്റാളിൽ നിന്ന് 154907 രൂപയുടെ വിറ്റുവരവ് ലഭിച്ചു. ഏകദേശം 2 ലക്ഷത്തിലധികം ആളുകൾ സ്റ്റാൾ സന്ദർശിച്ചുവെന്നാണ് കണക്കാക്കുന്നത്.




## അറിയിപ്പുകൾ

### ഓഡിറ്റിംഗ് ജൂൺ 10 മുതൽ

അയൽക്കൂട്ടം ഊരു സമിതി എന്നിവയുടെ 2018-19 കാലയളവിലെ ഓഡിറ്റിംഗ് ജൂൺ 10 മുതൽ ആരംഭിക്കുന്നതാണ്. എല്ലാ ബുക്കുകളും ജൂൺ 5നു മുൻപ് എഴുതി തീർക്കേണ്ടതാണ്. ഓ ഡിറ്റിംഗ്, എന്നിവ നടത്തുന്ന അയൽക്കൂട്ടം, ഊരു സമിതി എന്നിവർക്ക് മാത്രമാണ് അഫിലിയേഷൻ പുതുക്കാനുള്ള അവസരം ലഭിക്കുക.

### പരമ്പരാഗത ഭക്ഷണം ആഴ്ചയിൽ കുറഞ്ഞത് 3 തവണ

കമ്മ്യൂണിറ്റി കിച്ചൺ നടപ്പിലാക്കി വരുന്ന എല്ലാ ഊരു സമിതികളും പരമ്പരാഗത ഭക്ഷണം ആഴ്ചയിൽ കുറഞ്ഞത് 3 തവണയെങ്കിലും ലഭ്യമാക്കണം. പണമിടപാടുകളുടെ വൗച്ചറുകൾ എല്ലാമാസവും 5-ാം തിയ്യതിക്ക് മുൻപ് അതാത് പഞ്ചായത്ത് സമിതികളിൽ സമർപ്പിക്കണം.

# ബിനാലെ എന്ന അത്ഭുതം



**ബി**നാലെ അതെന്താണ്? അതെവിടന്ന് കിട്ടും? ഈ ചോദ്യങ്ങൾ കേട്ടും ഉത്തരം പറഞ്ഞും ഫെബ്രുവരി 27ന് അതിരാവിലെ ആരംഭിച്ച യാത്ര ആസ്വാദകരമാക്കിയത് 63 ആനിമേറ്റർമാർ ആണ്. അട്ടപ്പാടിയിലെ സുഖ സുന്ദരമായ അന്തരീക്ഷത്തിൽ നിന്നും അസഹനീയമായ ചൂടിലേക്ക് നീങ്ങിയപ്പോൾ മറൈൻ ഡ്രൈവിൽ നിന്നുള്ള ബോട്ട് യാത്ര സുഖകരവും ആശ്വാസകരവും ആയിരുന്നു. ഇത്രയും വലിയൊരു ആൾക്കൂട്ടം കണ്ടു നിന്നവരുടെ ശ്രദ്ധ ഞങ്ങളിലേക്ക് തിരിയാൻ കാരണമായി. ബിനാലെ കാണാൻ വന്നതാണെന്ന് അറിഞ്ഞപ്പോൾ അവർക്ക് പരിഭവമായി. ബിനാലെ തുടങ്ങിയി 2 മാസമായിട്ടും അവർക്ക് അത് കാണാൻ കഴിഞ്ഞിട്ടില്ലെന്നത് തന്നെ. എന്തായാലും ബോട്ട് യാത്ര എല്ലാവരിലും ഉൻമേഷമുണർത്തിയിരുന്നു. ആസ്പിൻവാൾ എത്തിയപ്പോൾ 12 മണിയായതിനാൽ വേഗം തന്നെ ടിക്കറ്റ് നൽകി ബിനാലെയിലേക്ക് പ്രവേശിപ്പിച്ചു. എല്ലാവരെയും 4 ഗ്രൂപ്പുകളാക്കി ,ബിനാലെ എന്താണെന്ന് വിശദീകരിച്ചു. കേരള സർക്കാരിന്റെ സഹായത്തോടെ കൊച്ചി ബിനാലെ ഫൗണ്ടേഷൻ മുൻകൈ എടുത്ത് നടത്തുന്ന ഏഷ്യയിലെ തന്നെ ഏറ്റവും വലിയ സമകാലീന കലയുടെ ഒരു പ്രദർശന മാമാങ്കമാണ് കൊച്ചി-മുസിരിസ് ബിനാലെ .അനിത ദുബൈ എന്ന ഇന്ത്യൻ ആർട്ടിസ്റ്റ് ആണ് ഈ വർഷത്തെ പ്രദർശനത്തിന്റെ



ചുമതല വഹിക്കുന്നത്. വിവിധ രാജ്യത്തിൽ നിന്നുള്ള കലാകാരൻമാരുടെ ഇൻസ്റ്റലേഷനുകൾ ഇവിടെ പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ട്. ഓരോ സൃഷ്ടിക്കും ഓരോ കഥകളാണ്.



പാചക പരിശീലനം പൂർത്തിയാക്കിയ കുടുംബശ്രീ അംഗങ്ങൾ സർട്ടിഫിക്കറ്റ് വിതരണ വേളയിൽ

മലയോര മേഖലയിലെ ആളുകൾക്ക് കടൽ എന്നും അത്ഭുതമാണ്. അതിനാൽ ബിനാലെ കാഴ്ചകൾ കണ്ടതിനു ശേഷം ഫോർട്ട് കൊച്ചി ബീച്ചും ചിൽഡ്രൻസ് പാർക്കും കാണുവാൻ പോയി. കടൽ കണ്ട് മതിവരാതെ നിന്നവരെ ജങ്കാറിന്റെ പേര് പറഞ്ഞാണ് തിരികെ കൊണ്ടുവന്നത്. ജങ്കാറിലും ബോട്ടിലുമായുള്ള യാത്രയ്ക്ക് ശേഷം വീണ്ടും ഞങ്ങൾ അട്ടപ്പാടിയുടെ വന്യതയിലേക്ക് വണ്ടി കയറി.

# സരസിൽ താരമായി അട്ടപ്പാടിയുടെ ഹെർബൽ ചിക്കൻ

ഇന്ത്യയുടെ ഏറ്റവും വലിയ ഗ്രാമീണ ഉൽപ്പന്നങ്ങളുടെ പ്രദർശന വിപണന മേളയായ സരസ്സിൽ അട്ടപ്പാടിക്ക് കുടുംബശ്രീക്ക് അഭിമാനകരമായ നേട്ടം കൊയ്തു കൊണ്ട് കുടുംബശ്രീയുടെ വനസുന്ദരി ഹെർബൽ ചിക്കൻ! മാർച്ച് 28 മുതൽ ഏപ്രിൽ 7 വരെ തൃശ്ശൂർ കുന്നംകുളത്തു നടന്ന ദേശീയ സരസ്സിൽ ആണ് ദൈവകുണ്ട് ഊരുസമിതിയുടെ ചൈതന്യ കുടുംബശ്രീ കഫേ ഗ്രൂപ്പ് 964000/-രൂപയുടെ വിറ്റുവരവോടെ സരസ്സിൽ നേട്ടം കൊയ്തത്. കോഴിജീരക ഇല, പച്ച കുരുമുളക്, കാന്താരി മുളക് എന്നിങ്ങനെ നീളുന്ന വിവിധ ചേരുവകൾ ചേർത്ത ഉണ്ടാക്കുന്ന ഈ സ്വാദിഷ്ടമായ വനസുന്ദരി ചിക്കന്റെ രുചിയറിയാൻ സരസിൽ ആളുകളുടെ തിക്കും തിരക്കും ഉണ്ടായിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നടക്കുന്ന സരസിൽ ഇനി മുതൽ അട്ടപ്പാടിയുടെ ഹെർബൽ ചിക്കൻ ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യും. കുടുംബശ്രീയുടെ കീഴിൽ പാചകത്തിൽപരിശീലനം ലഭിച്ച അംഗങ്ങളാണ് വന സുന്ദരി ഹെർബൽ ചിക്കൻ പാചകക്കാർ. ദൈവകുണ്ഡ് ഊരുസമിതി സെക്രട്ടറി പൊന്നി, സിജിമോൾ എന്നിവർ നേതൃത്വം നൽകുന്ന ഈ ഗ്രൂപ്പിൽ നഞ്ചി,ലക്ഷ്മി, മല്ലിക , മരുതി എന്നിവർ അംഗങ്ങളാണ്.




വന സുന്ദരിയുടെ പ്രദർശന ശാലയ്ക്ക് മുന്നിൽ അനുഭവപ്പെട്ട ജനത്തിരക്ക്






കുടുംബശ്രീയുടെ കീഴിൽ പാചകത്തിൽപരിശീലനം ലഭിച്ച അംഗങ്ങളാണ് വന സുന്ദരി ഹെർബൽ ചിക്കൻ പാചകക്കാർ.

# പഠനം യാത്രയിലൂടെ...



ബ്രിഡ്ജ് സ്കൂൾ പഠന യാത്ര, 2019 മാർച്ച് 30

48 കുട്ടികളും 5 അദ്ധ്യാപകരും 2 പി എം യു സ്റ്റാഫുകളും 3 ഊരു സമിതി ഭാരവാഹികളുമടങ്ങുന്ന 58 പേരുടെ സംഘം 2019 മാർച്ച് 30ന് പത്തു മണിക്ക് അഗളിയിൽ നിന്നും യാത്ര ആരംഭിച്ചു.രാവിലെ 6 മണിക്ക് കണ്ണൂർ എത്തുകയും പ്രഭാത കർമ്മങ്ങൾ നിർവഹിക്കുകയും ചെയ്തു. എട്ട് മണിയോടെ പറശ്ശിനിക്കടവ് സ്നേക്ക് പാർക്കിൽ എത്തിച്ചേർന്നു. അവിടത്തെ കാഴ്ചകൾക്കുശേഷം പറശ്ശിനിക്കടവ് ക്ഷേത്രത്തിലെത്തുകയും ക്ഷേത്രത്തിലെ തെയ്യം എഴുന്നള്ളിപ്പും പൗരാണിക കാഴ്ചകളും കണ്ടു. 11 മണിയോടെ വിസ്മയ വാട്ടർ തീം പാർക്കിലെത്തി. വാട്ടർ റൈഡുകളും മറ്റ് സാഹസിക റൈഡുകളും കുട്ടികൾക്ക് വ്യത്യസ്ത അനുഭവമാണ് നൽകിയത്.

നാലു മണിയോടെ അവിടന്ന് പുറപ്പെട്ടു. കാസർഗോഡ് ജില്ലയിലെ കരിച്ചേരി എന്ന സ്ഥലത്ത് വെച്ച് തെയ്യം കണ്ടു. അത്താഴത്തിന് ശേഷം റാണിപുരം റിസോർട്ടിൽ തങ്ങുകയുണ്ടായി. രാവിലെ പത്തു മണിക്ക് വലിയപറമ്പ് ബോട്ട് ജെട്ടിയിലേക്ക് തിരിച്ചു. അവിടന്ന് ആരംഭിച്ച കായൽയാത്ര ഒരു മണിക്കൂറോളം നീണ്ടു. ശേഷം ചരിത്രം ഉറങ്ങുന്ന ബേക്കൽ കോട്ടയിലേക്ക്. കോട്ടയിലെ പൗരാണിക കാഴ്ചകൾക്കുശേഷം പള്ളിക്കര ബീച്ചിലെത്തി. അന്നത്തെ സായാഹ്നം തിരമാലകളുടെയും സൂര്യാസ്തമയത്തിന്റെയും സൗന്ദര്യം ആസ്വദിച്ച് കടന്നു പോയി. രാത്രി നീണ്ട യാത്രയ്ക്കു ശേഷം വീണ്ടും സ്കൂളിലേക്ക് ...

